# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/269/2016 പത്രക്കുറിപ്പ് 2016 **ഡിസംബർ 19**

**എം.കോം സപ്ലിമെന്ററി അപേക്ഷാത്തീയതി**

ജനുവരി 4ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.കോം (സി.എസ്.എസ്) സപ്ലിമെന്ററി 2015 അഡ്മിഷനു മുൻപുള്ള വിദ്യാർത്ഥികൾക്ക് പിഴകൂടാതെ ഡിസംബർ 22 വരെ ഫീസ് അടയ്ക്കാം.

**പ്രാക്ടിക്കൽ പരിക്ഷ**

2016 ഒക്ടോബറിൽ നടത്തിയ അഫിലിയേറ്റഡ് കോളേജിലേയും സ്കൂളിലേയും രണ്ടാം സെമസ്റ്റർ എം.സി.എ(2015 അഡ്മിഷൻ റഗുലർ/2011 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി), ലാറ്ററൽ എൻട്രി(2015 റഗുലർ/2013, 2014 സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ 2017 ജനുവരി 5 മുതൽ 10 വരെ അതത് കോളേജുകളിൽ നടക്കും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2016 ഒക്ടോബർ/നവംബർ മാസം നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷൻ (സി.ബി.സി.എസ്.എസ് 2012 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ, കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്, പ്രോഗ്രാമിംഗ് ഇൻ സി ലാംഗ്വേജ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 22ന് അതത് കോളേജുകളിൽ ഇന്റേണലായി നടത്തും. വിശദമായ ടൈംടേബിൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.സി.ജെ(പി.ജി.സി.എസ്.എസ് റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 31 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസത്തിൽ നടന്ന എം.കോം മൂന്നാം അർദ്ധവാർഷിക പരീക്ഷ സി.എസ്.എസ് (റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്), നോൺ സി.എസ്.എസ് (സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ജനുവരി 3 വരെ സ്വീകരിക്കും.

2016 ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന രണ്ട്,മൂന്ന്,നാല് സെമസ്റ്റർ എം.എസ്സി. ഫൈറ്റോമെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (നോൺ സി.എസ്.എസ് സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 31 വരെ സ്വീകരിക്കും.

**ഇന്നത്തെ ഇന്റർവ്യൂ മാറ്റി വച്ചു**

മുട്ടം യൂണിവേഴ്സിറ്റി എഞ്ചിനിയറിംഗ് കോളേജിൽ ഇന്ന് (ഡിസംബർ 20) നടത്താനിരുന്ന ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ/പോളിമർ എഞ്ചിനിയറിംഗ്) വാക്ക്-ഇൻ-ഇന്റർവ്യൂ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട്.

**പ്രിൻസിപ്പൽമാരുടെ ശ്രദ്ധയ്ക്ക്**

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് പരീക്ഷകളുടെ ഉത്തരക്കടലാസുകൾ കോളേജുകളിൽനിന്ന് ഡിസംബർ 20 മുതൽ സർവ്വകലാശാലയുടെ കളക്ഷൻ ടീം നേരിട്ട് വാങ്ങുന്നതാണ്. ഉത്തരക്കടലാസ് കെട്ടുകളിൽ ആബ്സന്റി സ്റ്റേറ്റ്മെന്റ്, ചോദ്യപേപ്പർ കോഡ്, കോളേജിന്റെ പേര്, സീൽ എന്നിവ ഉണ്ടാകണം. ക്യാമ്പിൽ നേരിട്ട് എത്തിക്കേണ്ടതില്ല.

ഡിസംബർ 23ന് അവസാനിക്കുന്ന ബി.ടെക് പരീക്ഷകളുടെ ഉത്തരകടലാസുകൾ ബന്ധപ്പെട്ട വാല്വേഷൻ ക്യാമ്പിൽ 24–ാം തീയതി തന്നെ കോളേജുകൾ എത്തിക്കേണ്ടതാണ്.

**പി.എസ്.സി എൽ.ഡി ക്ലാർക്ക് പരീക്ഷാ പരിശീലനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലുള്ള എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിലെ എൽ.ഡി.ക്ലാർക്ക് പരീക്ഷാ പരിശീലന പരിപാടി ഇന്ന് (ഡിസംബർ 20) ആരംഭിക്കുന്നതാണ്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ രാവിലെ 9.45ന് സർവ്വകലാശാലാ കൃമ്പസിലുള്ള ഓഫീസിൽ ഹാജരാകേണ്ടതാണ്. ഫോൺ : 0481 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**